(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള മൊത്തം തുക 13,58,048 രൂപയാണ്. ഇതിൽ 2001-2002 സാമ്പത്തിക വർഷം സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. 2002-2003-ൽ 4,73,750 രൂപയും, 2003-2004-ൽ 8,84,298 രൂപയും ലഭിച്ചിട്ടുണ്ട്. ഇത് തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി നടത്തിയ പഠനങ്ങളുടെ ചെലവിന്റെ കേന്ദ്ര വിഹിതമാണ്.

(ഇ) ബി.ഒ.ടി. അടിസ്ഥാനത്തിൽ വിഴിഞ്ഞം, തങ്കശ്ശേരി, ആലപ്പുഴ, മുനമ്പം, ബേപ്പൂർ, പൊന്നാനി, അഴീക്കൽ എന്നീ 7 തുറമുഖങ്ങളുടെ വികസനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കുന്നതിന് നടപടി

*15 [245] ശ്രീ. കെ. എൻ. എ. ഖാദർ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തീരുമാനം എന്നുമുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 9/04 പ്രകാരം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. (മേൽപ്പറഞ്ഞ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)†

(ബി) 1-4-2004-ന് ശേഷം രജിസ്റ്റർ ചെയ്യുന്ന എല്ലാ ഓട്ടോറിക്ഷകൾക്കും ഡിജിറ്റൽ മീറ്റർ ഘടിപ്പിക്കുന്നത് നിർബന്ധമാക്കി. 1-4-2004-ന് മുമ്പ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് 31-12-2004-നുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ പുതുക്കുമ്പോൾ ഡിജിറ്റൽ ഫെയർ മീറ്ററുകൾ ഘടിപ്പിച്ചാൽ മതിയാകും.

വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ നിലവിൽ വന്ന വ്യവസായ സംരംഭങ്ങൾ

*16 [246] ശ്രീ. എ. കെ. ബാലൻ:
,, പിരപ്പൻകോട് മുരളി:
,, സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംസ്ഥാനത്ത് നിലവിൽവന്ന വ്യവസായ സംരംഭങ്ങൾ ഓരോന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് അടച്ചുപൂട്ടലുകൾക്ക് കാരണമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) കെ.എസ്.ഐ.ഡി.സി. ഇതിനകം സാമ്പത്തിക സഹായം നൽകിയ മൊത്തം കമ്പനികൾ എത്ര; അവയിൽ അടച്ചുപൂട്ടിയവ എത്ര; ഉല്പാദനം നിലച്ചു പോയവ എത്ര; ഭാഗികമായി മാത്രം പ്രവർത്തിക്കുന്നവ എത്ര;

(ഡി) ഇതിന്റെയെല്ലാം ഫലമായി ഇതിനകം എത്ര പേർക്ക് തൊഴിൽ നഷ്ട പ്പെടുകയുണ്ടായി?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ധനസഹായം ചെയ്തിട്ടുള്ള ചില വ്യവസായ സ്ഥാപനങ്ങൾ പല കാരണങ്ങൾ കൊണ്ട് അടഞ്ഞുകിടപ്പുണ്ട്. അവയിൽ ചിലത് വീണ്ടും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. അങ്ങനെയല്ലാതെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കൊണ്ടേയിരി ക്കുന്ന ഒരു സ്ഥിതി വിശേഷം നിലവിലില്ല. ചില വ്യവസായങ്ങൾ അടച്ചുപൂട്ടിയത് അതാത് സ്ഥാപനങ്ങളെ ബാധിച്ച ഓരോരോ കാരണങ്ങളാലാണ്. അതിന് ഒരു പൊതു സ്വഭാവമില്ല.

(സി) കെ.എസ്.ഐ.ഡി.സി. നിലവിൽവന്നശേഷം നാളിതുവരെ 470 കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അവയിൽ അനേകം കമ്പനി കൾ വായ്പ തിരിച്ചടയ്ക്കുകയും ഓഹരികൾ കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും കെ.എസ്.ഐ.ഡി.സി.-യുമായി സാമ്പത്തിക ബന്ധമുള്ള 321 സ്ഥാപന ങ്ങളിൽ 53 എണ്ണം പൂട്ടിക്കിടക്കുന്നു. അവയെല്ലാംതന്നെ ഉല്പാദനം നിലച്ചവയു മാണ്.

(ഡി) പൂട്ടിക്കിടക്കുന്ന 53 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ടവ രുടെ എണ്ണം 6025 ആണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വോളന്ററി റിട്ടയർമെന്റ് സ്കീം

*17 [247] ശ്രീ. ടി. എൻ. പ്രതാപൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, പി. ടി. തോമസ്:
,, കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു വേണ്ടി പുതുതായി വോളന്ററി റിട്ടയർമെന്റ് സ്കീം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് വി. ആർ. എസ്. സ്വീകരിക്കുന്ന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly